**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 507** **17-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേനയുള്ള പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കിഫ്ബിയെ സംശയത്തിന്റെ പുകമറയിൽ നിർത്തി സംസ്ഥാനത്തിന്റെ വികസനം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഇ.ഡി. യുടെ അധികാര പരിധി കവിഞ്ഞുള്ള പ്രവർത്തനമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാർ ഏജൻസികൾ നിയമാനുസൃതം മാത്രം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (എ) | മുൻകാലങ്ങളിലെന്നപോലെ കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുക എന്ന സമീപനമാണ് കേന്ദ്ര സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നത്. ആദ്യം സി ആന്റ് എ ജി, തുടർന്ന് ആദായ നികുതി വകുപ്പ്, നിലവിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇങ്ങനെ തങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളെയും നിയന്ത്രണ സംവിധാനങ്ങളെയും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുകയാണ് കേന്ദ്ര സർക്കാർ. നിലവിൽ ഇഡി അന്വേഷണം സംബന്ധിച്ച ഒരു കേസ് കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.<br><br>കിഫ്ബി മസാലാ ബോണ്ട് സംബന്ധിച്ച അന്വേഷണത്തിനു ആധാരം എന്താണെന്നു ചോദിച്ചതിന് രണ്ടു കാരണങ്ങളാണ് ഇഡി ഹൈക്കോടതിയിൽ അറിയിച്ചത്. അദ്യത്തേത്, സി എ ജി യുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള നിയമലംഘനമാണ്. എന്നാൽ ഇതിൽ കോടതി നിരീക്ഷിച്ചത് നിയമസഭ നിരാകരിച്ച CAG റിപ്പോർട്ടിലെ പരമാർശങ്ങൾ കണക്കിലെടുത്ത് ഒരു അന്വേഷണം നടത്താനാകുമോ എന്നത് കോടതിക്ക് സംശയമാണ് എന്നാണ്.<br><br>രണ്ടാമത്തെ കാരണമായി ഇഡി ചൂണ്ടിക്കാട്ടിയത് FEMA ലംഘനം സംബന്ധിച്ച പരാതിയാണ്. RBI യുടെ മാസ്റ്റർ സർക്കുലറിൽ വിദേശ വായ്പ തുക ഉപയോഗിച്ചു കൂടാത്ത ചില മേഖലകളുണ്ട് (end usage negative list). അതിൽ ഒന്ന് റിയൽ എസ്റ്റേറ്റ് നിക്ഷേപമാണ്. ഈ നിരോധിത നിക്ഷേപങ്ങളിൽ മസാല ബോണ്ട് പണം |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചിട്ടുണ്ടോ എന്നതാണ് അന്വേഷിക്കുന്നത് എന്ന നിലപാട് ഇഡി സ്വീകരിച്ചത്.<br><br>എന്നാൽ ഈ പണം എങ്ങനെ ഉപയോഗിക്കുന്നു എന്നതു സംബന്ധിച്ച് നിശ്ചിത ഫോറത്തിലുള്ള പ്രതിമാസ റിപ്പോർട്ട് ചാർട്ടേർഡ് അക്കൌണ്ടന്റ് പരിശോധിച്ച് Authorised Dealer ബാങ്ക് മുഖേന RBI യ്ക്ക് സമർപ്പിക്കുന്നുണ്ടെന്നും നാളിതു വരെ RBI ഒരു സംശയവും ഉന്നയിച്ചിട്ടില്ല എന്നും കിഫ്ബി കോടതിയെ അറിയിച്ചിരുന്നു. ഏതൊക്കെ മേഖലകളിൽ ഏതൊക്കെ പദ്ധതികളിലാണ് ഈ തുക ഉപയോഗിച്ചതെന്നും കോടതിയെ അറിയിച്ചു. കിഫ്ബിയുടെ ഈ വാദം വളരെ പ്രസക്തമാണ് എന്നാണ് കോടതി നിരീക്ഷിച്ചത്. ഈ സാഹചര്യത്തിൽ RBI യെ സ്വമേധയാ കക്ഷി ചേർക്കുവാൻ കോടതി തീരുമാനിച്ചു. മസാലാ ബോണ്ടുമായി ബന്ധപ്പെട്ട് പാലിക്കേണ്ട എല്ലാ റിപ്പോർട്ടിംഗ് നടപടികളും കിഫ്ബി നാളിതുവരെ മുടക്കമില്ലാതെ ചെയ്തിട്ടുണ്ട് എന്ന് റിസർവ് ബാങ്ക് ഹൈക്കോടതിയിൽ അറിയിച്ചിട്ടുണ്ട്. ഫെമ ആക്ടിന് കീഴിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് റിസർവ് ബാങ്ക് അംഗീകാരത്തോടെയാണ് കിഫ്ബി മസാല ബോണ്ട് പുറപ്പെടുവിച്ചത്. നാളിതുവരെ ഇത് സംബന്ധിച്ച് ഒരു ആക്ഷേപവും റിസർവ് ബാങ്കിന് ഇല്ല.<br><br>കിഫ്ബി സമർപ്പിച്ചിട്ടുള്ള രേഖകളുടെ പ്രാഥമിക പരിശോധനയിൽ തന്നെ ദൂരീകരിക്കാവുന്ന ഈ വിഷയത്തിൽ 2 വർഷം കഴിഞ്ഞിട്ടും ഇഡി നടത്തി വരുന്ന അന്വേഷണം തികച്ചും അധികാര ദുരുപയോഗമാണ്. ഇത്തരത്തിലുള്ള ഇടപെടലുകളെ സർക്കാർ നിയമപരമായി നേരിടും |
| (ബി) | സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനായി കിഫ്ബി പുതുതായി അയ്യായിരത്തി അറുനൂറ്റി എൺപത്തി രണ്ട് കോടി രൂപയുടെ അറുപത്തിനാല് പദ്ധതികൾക്ക് കൂടി അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇവ ഏതെല്ലാമെന്ന് അറിയിക്കാമോ; | (ബി) | 2023 ഫെബ്രുവരി മാസം നടന്ന ബോർഡ്, എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളിലായി കിഫ്ബി അയ്യായിരത്തി അറുനൂറ്റി എൺപത്തി രണ്ട് കോടി രൂപയുടെ പുതിയ അറുപത്തിനാല് പദ്ധതികൾക്ക് കൂടി അംഗീകാരം നൽകി. പദ്ധതികളുടെ വിവരം അനുബന്ധമായി നൽകുന്നു.<br><br>അംഗീകാരം നൽകിയ പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ റോഡുവികസനത്തിനു സ്ഥലമേറ്റെടുപ്പുൾപ്പടെ 3414.16 കോടി രൂപയുടെ 36 പദ്ധതികളും, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പിനു കീഴിൽ കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുടെ ഭാഗമായി ചിലവന്നൂർ ബണ്ട് റോഡ് പാലത്തിന് 32.17 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെയും പദ്ധതിയും എളംകുളം സിവറേജ് പ്ലാന്റിന് 341.97 കോടി രൂപയുടെയും പദ്ധതിയും ഉൾപ്പെടുന്നു. കൂടാതെ ആരോഗ്യ വകുപ്പിന് കീഴിൽ 605.49 കോടി രൂപയുടെ 8 പദ്ധതികൾക്കും ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ 600.48 കോടി രൂപയുടെ 9 പദ്ധതികൾക്കും ജലവിഭവ വകുപ്പിന് കീഴിൽ 467.32 കോടി രൂപയുടെ 3 പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ 42.04 കോടി രൂപയുടെ 2 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ തൃശ്ശൂർ കോർപറേഷനിലെ ആധുനിക അറവുശാലയും 12 ഇടങ്ങളിൽ ആധുനിക ശ്മശാനങ്ങളും ഉൾപ്പെടുന്നു. പത്തനതിട്ടയിലെ ബ്ലെസ്സൺ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന് 47.93 കോടി രൂപയുടെയും 8 സ്കൂളുകളുടെ നവീകരണത്തിനായി 31.11 കോടി രൂപയുടെയും ആനിമൽ ഹസ്ബൻഡറി വകുപ്പിന് കീഴിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ നിർമ്മാണത്തിനായി 10.24 കോടി രൂപയുടെയും അനുമതി നൽകി. |
| (സി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ മുഖേനയുള്ള പദ്ധതി നിർവഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ ഡിസൈനിങ് ഘട്ടം മുതൽ ഇത്തരത്തിലുള്ള സഹായങ്ങൾ ഉറപ്പുവരുത്തുന്നു. സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി അതത് പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുകയും കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾ, വകുപ്പുകൾ എന്നിവരെ ഉൾപ്പെടുത്തി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും<br>ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിലെ തടസ്സം ഒഴിവാക്കാൻ കിഫ്ബിയ്ക്ക് കീഴിലുള്ള ടെക്നിക്കൽ റിസോഴ്സ് സെന്റർ (TRC) മുഖേന വേണ്ട സഹായങ്ങൾ എസ് പി വികൾക്ക് ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Project Code | Project Name | Recommended Amount | Recommended Cost in Cr | SPV |
|---|---|---|---|---|---|
| | | **T23 EC - List of Projects** | | | |
| 1 | AHD001-01 | Setting up of Translational Research Centre in KVASU | ₹ 102,366,638 | ₹ 10.24 | KVASU |
| 2 | GED006-34 | Alappuzha, Kollam, Thiruvananthapuram, Malappuram, Palakkad Cluster<br>1. GHSS Vakkanad (38963609)<br>2. GVHSS Aryad (38774632.1)<br>3. GVHSS Muttara (38894150)<br>4. GVHSS Punnala (38859551.42)<br>5. GHSS Gokhale (31919330)<br>6. GHSS Niramarathur (45808119)<br>7. GHSS Chirakkara (38880622.91)<br>8. GGHSS Kanyakulangara (38998373) | ₹ 311,098,387.00 | ₹ 31.11 | KILA |
| 3 | HED003-05 | Equipment procurement as part of upgrading Kerala University into Centre of Excellence in Academics & Research | ₹ 487,184,358.00 | ₹ 48.72 | Kerala University |
| 4 | HED007-42 | Land Acquisition for Government Arts and Science College, Nilambur, Malappuram | ₹ 12,532,414.00 | ₹ 1.25 | KITCO |
| 5 | HED009-01 | Construction of Ladies Hostel at Manjeswaram Campus, Boys' Hostel at Nileswaram Campus, International Hostel and Dharamasala, Mangattupramba campus of Kannur University | ₹ 187,349,019 | ₹ 18.73 | Kannur University |
| 6 | HED009-03 | Construction of Girls' Hostel and International Student's hostel at Kariavattom Campus for University of Kerala | ₹ 282,162,620.00 | ₹ 28.21 | Kerala University |
| 7 | HED009-09 | DETAILED PROJECT REPORT FOR THE CONSTRUCTION OF THE INTERNATIONAL STUDENTS HOSTEL & GIRL'S HOSTEL AT CUSAT CAMPUS THRIKKAKARA IN ERNAKULAM DISTRICT | ₹ 300,000,000.00 | ₹ 30.00 | CUSAT |
| 8 | HED010-02 | Setting up of Translational Research Centre for APJ Abdul Kalam Technological University | ₹ 129,490,028.65 | ₹ 12.95 | APJKTU |
| 9 | HED010-04 | Setting up of Translational Research Cente in Kerala University | ₹ 246,375,316.00 | ₹ 24.64 | Kerala University |
| 10 | HFW001-11 | Development of Taluk Hospital, Perambra, Kozhikode District | ₹ 560,552,724 | ₹ 56.06 | INKEL |
| 11 | HFW001-12 | Development of Taluk Hospital Pathanapuram, Kollam District | ₹ 918,803,526.00 | ₹ 91.88 | INKEL |
| 12 | HFW001-20 | Development of Taluk Hospital, Kunnamkulam, Thirssur District | ₹ 765,076,018 | ₹ 76.51 | INKEL |
| 13 | HFW001-22 | Development of Taluk Hospital, Kondotty, Malappuram District | ₹ 361,909,097 | ₹ 36.19 | INKEL |
| 14 | HFW001-23 | DH KANNUR- PROCUREMENT OF BIOMEDICAL EQUIPMENT AND OTHER ITEMS | ₹ 107,000,000 | ₹ 10.70 | KMSCL |
| 15 | HFW002-59 | Development of TH Kothamangalam, Ernakulam District | ₹ 112,137,330 | ₹ 11.21 | HITES |
| 16 | HFW003-04 | Phase-3 Strengthening of Imageology Department at GMC Thiruvananthapuram | ₹ 437,520,439 | ₹ 43.75 | INKEL |
| 17 | LSG004-01 | Modern Crematorium<br>1. Haripad Municipality (16638022)<br>2. Ezhome Grama Panchayath (19872947)<br>3. Kalliassery Grama Panchayath (17028320)<br>4. Moothedam Grama Panchayath (18718382)<br>5. Panangad Grama Panchayath (20185542)<br>6. Pazhayannur Grama Panchayath (15476165)<br>7. Thariode Grama Panchayath (18881705)<br>8. Thuvvur Grama Panchayath (19801747)<br>9. Vallatholnagar Grama Panchayath (30379105)<br>10. Vazhikkadavu Grama Panchayath (18928044)<br>11. Adoor Municipality (48000000)<br>12. Kothamangalam Municipality (38200000) | ₹ 282,109,979.00 | ₹ 28.21 | IMPACT Kerala Ltd. |
| 18 | PWD003-15 | Construction of Chelakkara Bypass (3.642 km) in Thrissur District - LA only | ₹ 31,680,000.00 | ₹ 3.17 | KRFB |
| 19 | PWD006-23 | Improvement of Para-Pollachi Road - LA only | ₹ 176,500,000.00 | ₹ 17.65 | KRFB |

| Sl. No. | Project Code | Project Name | Recommended Amount | Recommended Cost in Cr | SPV |
|---|---|---|---|---|---|
| 20 | PWD006-32 | KIIFB - Improvement to Kuttipuram Engineering College - Kumbidi Thrithala V K Kadavu-Pattambi - Chenganamkunnu - Shornur road including bridge at Pattambi - Land Acquisition | ₹ 105,000,000.00 | ₹ 10.50 | KRFB |
| 21 | PWD009-06 | LA of Kundanoor Junction Development | ₹ 105,310,771.00 | ₹ 10.53 | RBDCK |
| 22 | PWD013-36 | Hill Highway- Ambayathodu (Ch 0/000) to Boys Town (Ch 5/760) Road in Kannur District | ₹ 356,741,474.00 | ₹ 35.67 | KRFB |
| 23 | PWD013-40 | KIIFB HILL HIGHWAY KUNHOME NIRAVILPUZHA THOTTILPALAM (STRETCH 2) POOTHAMPARA BRIDGE (CH: 13/986) TO THOTTILPALAM (CH: 21/211) 7.225 KM IN KOZHIKODE DISTRICT | ₹ 453,447,340.00 | ₹ 45.34 | KRFB |
| 24 | PWD013-41 | KIIFB- Hill Highway-Improvements to Kollengode-Vadakkancherry Road in Palakkad District - Stretch-3A from Panangattiri to Vithanassery (Ch 103/280 to Ch 110/350)-(7.057 km) | ₹ 331,800,000.00 | ₹ 33.18 | KRFB |
| 25 | PWD013-45 | Hill Highway: KIIFB-Upgradation of Kollenkode - Vadakkancherry road in Palakkad District -Nenmara Bypass end to Thankom Junction- Stretch 3B ch 113/150 to 128/375(ch 0/000 to 15/210) | ₹ 758,300,000.00 | ₹ 75.83 | KRFB |
| 26 | PWD013-47 | HILL HIGHWAY- Improvement to Chirakkal - Melattur (11.215km) & Ucharakadavu-Kanjirampara (1.060km) in Malappuram District | ₹ 406,010,710.00 | ₹ 40.60 | KRFB |
| 27 | PWD013-48 | HILL HIGHWAY- KANJIRAMPARA MASJID-KUMARAMPUTHUR in PALAKKAD DISTRICT | ₹ 914,090,619.00 | ₹ 91.41 | KRFB |
| 28 | PWD013-49 | HILL HIGHWAY- GOPALAPURAM TO NEDUMANI REACH I - Gopalapuram to Kannimari Medu CH0/000 TO CH14/860 in Palakkad district | ₹ 732,100,000.00 | ₹ 73.21 | KRFB |
| 29 | PWD013-50 | HILL HIGHWAY- GOPALAPURAM TO NEDUMANI REACH 2 - Kannimari Medu to Nedumani CH: 14/860 TO CH: 30/590 (15.730 KM) in Palakkad district | ₹ 825,600,000.00 | ₹ 82.56 | KRFB |
| 30 | PWD014-22 | Construction of Coastal Highway from Puthiyappa Harbour to Puthiya nirath in Kozhikode District - Land Acquisition | ₹ 20,000,000.00 | ₹ 2.00 | KRFB |
| 31 | PWD014-37 | Coastal Highway Reach 2 - Unniyal to Muhayudeenpalli in Malappuram district (7.96km) - Land Acquisition and Compensation to structures | ₹ 415,408,979.00 | ₹ 41.54 | KRFB |
| 32 | PWD015-115 | Kuruthikulam Chelachuvadu Road in Idukki District: Vannappuram to Chelachuvadu Ch: 35/483 to 62/313(26.83 km) (Stretch 3 & 4) - LA only | ₹ 13,177,080.00 | ₹ 1.32 | KRFB |
| 33 | PWD015-117 | Upgradation of Nathukallu Adimali Road in Idukki District - LA only | ₹ 51,142,200.00 | ₹ 5.11 | KRFB |
| 34 | PWD015-12 | Reconstruction of Iron Bridge and Town Roads Phase II in Cherthala LAC in Alappuzha District- Reconstruction of Iron Bridge (Revised Proposal) | ₹ 206,100,000.00 | ₹ 20.61 | KRFB |
| 35 | PWD015-120 | Improvements to Manacaud - Attukal Temple Road (2.3km) in Thiruvananthapuram District - LA only | ₹ 529,944,000 | ₹ 52.99 | KRFB |
| 36 | PWD015-89 | Improvements and providing BM & BC to Manakkadavu-Moorikkadavu-Kappimala-Alakkode road Km 0/000 to 14/387 in Kannur District | ₹ 487,184,358.00 | ₹ 48.72 | KRFB |
| 37 | PWD015-92 | Improvements to Peruvamparamba Kalluvayal-Nellicampoil road 0/000 to 6/960 in Kannur District | ₹ 309,719,000.00 | ₹ 30.97 | KRFB |
| 38 | PWD016-41 | Construction of Kondayur - Ongallur Bridge at Desamangalam in Trissur District - LA only | ₹ 13,274,802.00 | ₹ 1.33 | KRFB |
| 39 | PWD016-55 | CONSTRUCTION OF KUMMALLOOR AND PALLIKKAMANNADI BRIDGES IN KOLLAM DISTRICT - LA only | ₹ 15,000,000.00 | ₹ 1.50 | KRFB |
| 40 | PWD023-03 | Improvements to Koottanad Junction in Palakkad District - Land Acquisition | ₹ 12,857,000 | ₹ 1.29 | KRFB |
| 41 | PWD023-04 | Improvements of Chakkarakkal Junction in Kannur District - Land Acquisition | ₹ 12,784,430 | ₹ 1.28 | KRFB |
| 42 | PWD023-05 | Improvements to Pallimukku Junction in Kollam District - Land Acquisition | ₹ 30,810,000 | ₹ 3.08 | KRFB |
| 43 | SYA001-10 | Construction of Blessen George Indoor Stadium at Pathanamthitta | ₹ 479,297,239.00 | ₹ 47.93 | SKF |

| Sl. No. | Project Code | Project Name | Recommended Amount | Recommended Cost in Cr | SPV |
|---|---|---|---|---|---|
| 44 | WRD009-01 | Laying distribution lines of Water Supply Schemes under KIIFB funding- WSS to Tanur- Phase II | ₹ 784,360,065.66 | ₹ 78.44 | KWA |
| | | **Total** | **₹ 14,181,307,961.31** | **₹ 1,418.12** | |
| | | **T23 GB - List of Projects** | | | |
| 1 | CIN001-07 | Chilavannur Bund Road Bridge | ₹ 321,667,813.70 | ₹ 32.17 | KMRL |
| 2 | CIN001-11 | Elamkulam Sewerage Project | ₹ 3,419,700,000.00 | ₹ 341.97 | KMRL |
| 3 | HED012-01 | DETAILED PROJECT REPORT FOR THE CONSTRUCTION OF EDUCATIONAL HUB AT PINARAYI IN KANNUR DISTRICT. | ₹ 2,320,543,168.00 | ₹ 232.05 | KSITIL |
| 4 | HED11-01 | Acquisition of remaining 50 acres of land at Vilappilsala for the development of Thiruvananthapuram Engineering Science & Technology Research Park (TrEST Research Park) | ₹ 2,039,213,539.00 | ₹ 203.92 | APJKTU |
| 5 | HFW005-03 | Development of Medical College, Thrissur - Mother & Child Block | ₹ 2,791,906,471 | ₹ 279.19 | INKEL |
| 6 | LSG003-08 | Construction of Modern Abattoir in Thrissur Corporation | ₹ 138,299,485 | ₹ 13.83 | IMPACT Kerala Ltd. |
| 7 | PWD004-29 | Kannur Airport connectivity package roads-Thalassery Koduvally Mambaram Anjarakandy Mattannur road (LA only) | ₹ 4,237,200,000.00 | ₹ 423.72 | KRFB |
| 8 | PWD004-33 | Kodinada - Vazhimukku Road (1.5km) including Balaramapuram Underpass — Karamana - Kaliyikkavila Road (Phase I—Reach III) - LA only | ₹ 1,138,970,000.00 | ₹ 113.90 | KRFB |
| 9 | PWD013-52 | KIIFB - Hill Highway - Vettilappara - Chettinada Road via Abhayaranyam (40 km) road in Ernakulam District - Stretch 1 and 2 - Vettilapara - Nellichode - Cutting Junction - Vellappara - Eladakkad - Chulli - Manjapra - Eucali Junction (Ch. 0/000 to 23/269) | ₹ 1,050,150,000.00 | ₹ 105.02 | KRFB |
| 10 | PWD014-46 | Kadalundikadavu to Madathilpadam - Kozhikode District - LA only | ₹ 101,085,214.00 | ₹ 10.11 | KRFB |
| 11 | PWD014-47 | Coastal Highway - BC Road to Kothi Beach - Kozhikode District - LA only | ₹ 862,491,912.00 | ₹ 86.25 | KRFB |
| 12 | PWD015-59 | Improvement works Perumbavoor Aluva road in Ernakulam District (LA only) | ₹ 2,627,545,120.00 | ₹ 262.75 | KRFB |
| 13 | PWD020-01 | Kannur International Airport connectivity packages roads (Road-2 Peringathur - Mekkunnu - Panoor - Kuthupramba - Mattannur Road) in Kannur District (LA only) | ₹ 5,910,300,000.00 | ₹ 591.03 | KRFB |
| 14 | PWD020-02 | Kannur International Airport connectivity packages roads Road-3- Mananthavady - Boys Town - Peravoor - Sivapuram - Mattannur road- (Reach 3- Ambayathode to Mattannur road) (LA only) | ₹ 9,647,200,000.00 | ₹ 964.72 | KRFB |
| 15 | PWD023-01 | Feroke Petta Junction in Beypore Constituency Kozhikode District - LA only | ₹ 73,753,900.00 | ₹ 7.38 | KRFB |
| 16 | PWD023-02 | Improvements to Ambalamukku and Santhwana junctions-Thiruvananthapuram District - LA only | ₹ 75,321,400.00 | ₹ 7.53 | KRFB |
| 17 | PWD025-01 | Construction of Bypass - Kottarakkara - LA only | ₹ 1,103,556,032.00 | ₹ 110.36 | KRFB |
| 18 | TSM00X-01 | Development of Kovalam and Adjacent Beaches - Phase I | ₹ 890,873,876.26 | ₹ 89.09 | WAPCOS |
| 19 | WRD009-02 | Laying distribution of Water Supply Schemes under KIIFB funding - WSS to Mattanur and Iritty Phase II | ₹ 2,697,003,000.00 | ₹ 269.70 | KWA |
| 20 | WRD009-03 | Laying distribution lines of Water Supply Schemes under KIIFB funding- WSS to Koyilandy Municipality Phase II | ₹ 1,191,797,277.14 | ₹ 119.18 | KWA |
| | | **Total** | **₹ 42,638,578,208.10** | **₹ 4,263.86** | |
| | | **T23 Grand Total** | **₹ 56,819,886,169.41** | **₹ 5,681.98** | |